പതിനാലാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(2018 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമങ്ങളും ചട്ടങ്ങളും - ബോധവത്കരണവും പരസ്യം ചെയ്യലും എന്ന വിഷയം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി

# (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(2018 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമങ്ങളും ചട്ടങ്ങളും - ബോധവത്കരണവും പരസ്യം ചെയ്യലും എന്ന വിഷയം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്]**

63/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. കെ. നാണു, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.

പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

അതിവേഗം കടന്നുപോകുന്ന കാലത്തിൽ വ്യക്തിബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലുമുള്ള തകർച്ച ഏറ്റെ ബാധിക്കുന്നത് വൃദ്ധജനങ്ങളെയാണ്. സമൂഹത്തിൽ നല്ല ശതമാനം അംഗസംഖ്യയുള്ള ഇവരെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് കൊണ്ടുവരിക എന്നത് ഓരോ വ്യക്തിയുടേയും, സമൂഹത്തിന്റേയും, രാജ്യത്തിന്റേയും കടമയാണ്. വൃദ്ധജനങ്ങൾ നേരിടുന്ന എല്ലാ തരത്തിലുമുള്ള ചൂഷണങ്ങൾ തടയുന്നതിലും എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആശുപത്രികളിലും സർക്കാർ ഓഫീസുകളിലും ബസ്സുകളിലും മറ്റും മതിയായ പരിഗണന ലഭിക്കുന്നതിലുമൊക്കെ നിയമം അനുശാസിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന യാഥാർത്ഥ്യം എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്. അത് നിയമത്തെക്കുറിച്ചുള്ള അജ്ഞതയാണെന്ന് സമിതി കരുതുന്നു. നിയമം അറിയുന്നവർ അത് ലംഘിക്കുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2018 നവംബർ മാസം 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. കെ. നാണു,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 5.

# റിപ്പോർട്ട്

വാർദ്ധക്യം മനുഷ്യന്റെ രണ്ടാം ശൈശവമാണെന്നാണ് പൊതുവേ പറയപ്പെടുന്നത്. ഒരു കുഞ്ഞിനു ലഭിക്കുന്ന സ്നേഹവും കരുതലും വൃദ്ധജനങ്ങൾക്കും ലഭിക്കേണ്ടതാണ്. തങ്ങളുടെ ആരോഗ്യവും സമ്പത്തും പ്രയത്നവുമെല്ലാം കുടുംബത്തിന്റെ പുരോഗതിക്കും നന്മയ്ക്കും വേണ്ടി ചെലവഴിച്ചതിനു ശേഷം അവർ വാർദ്ധക്യത്തിൽ എത്തുമ്പോൾ മക്കൾപോലും അവരെ സംരക്ഷിക്കുന്നില്ല എന്നത് വളരെയധികം ദുഃഖകരമായ അവസ്ഥയാണ്. ശാസ്ത്രവും സാങ്കേതിക രംഗങ്ങളിലെ വിപ്ലവകരമായ മാറ്റങ്ങളും ആശയ വിനിമയ സംവിധാനങ്ങളുടെ സ്ഫോടനാത്മകമായ വളർച്ചയും മനുഷ്യരെ മറ്റൊന്നിലും ശ്രദ്ധിക്കാത്തവരായി മാറ്റിയിട്ടുണ്ട്. അതിവേഗത്തിൽ കടന്നുപോകുന്ന കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് മാറുവാൻ മനുഷ്യൻ വെമ്പൽ കൊള്ളുകയാണ്. അതിന്റെ ഫലമായി വ്യക്തി ബന്ധങ്ങളിലും കുടുംബബന്ധങ്ങളിലുമുള്ള തകർച്ച നിത്യസംഭവമാകുന്നു. അണുകുടുംബ വ്യവസ്ഥയുടെ ബാക്കി പത്രമെന്നു പറയുന്നത് നോക്കാനും അന്വേഷി ക്കുവാനും ആളില്ലാത്ത വൃദ്ധജനങ്ങളാണ്. മക്കൾ ഉയർന്ന ഉദ്യോഗം തേടി അന്യനാടു കളിൽ ചേക്കേറുമ്പോൾ അവരുടെ വൃദ്ധരായ മാതാപിതാക്കൾ നാട്ടിലെ വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്നു. അല്ലെങ്കിൽ വൃദ്ധസദനങ്ങളിലോ, പകൽ വീടുകളിലോ അവരുടെ ദിനങ്ങൾ തള്ളി നീക്കുന്നു.

കുടുംബ ബന്ധങ്ങൾക്ക് പാശ്ചാത്യ നാടുകളെ അപേക്ഷിച്ച് പവിത്രതയും മഹത്വവും കൽപ്പിക്കുന്ന നമ്മുടെ രാജ്യത്ത് ഭൂരിഭാഗം വൃദ്ധരും കുടുംബാംഗങ്ങൾക്കൊപ്പമാണ് ജീവിച്ചു വന്നിരുന്നത്. നമ്മുടെ ജീവിത ശൈലിയിലും മൂല്യങ്ങളിലും വന്ന മാറ്റങ്ങൾ ഇത്തരം കുടുംബ ബന്ധങ്ങളിലും ശൈഥില്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. വൃദ്ധജനങ്ങൾക്ക് താങ്ങും തണലുമായിരുന്ന, തലമുറകളായി തുടർന്നു വന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബവ്യവസ്ഥയിലേക്ക് സമൂഹം മാറി. എന്നാൽ അണുകുടുംബ വ്യവസ്ഥയിൽ തന്നെ മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഇടനേരങ്ങളിൽ ഒത്തുകൂടാൻ ഒരിടമെന്ന രീതിയി ലേക്ക് വീടും കുടുംബവും പരിണമിച്ചുകൊണ്ടിരിക്കുന്നു. ഇത്തരമൊരു അന്തരീക്ഷത്തിൽ വാർദ്ധക്യത്തിലെത്തി നിൽക്കുന്ന ഒരു വ്യക്തിക്ക് എത്രത്തോളം പരിഗണന ലഭിക്കും എന്ന കാര്യം അതീവ ഗൗരവതരമായി ചിന്തിക്കേണ്ട വിഷയമാണ്.

വാർദ്ധക്യം അനഭിലഷണീയമാണെങ്കിലും ഒഴിച്ചുകൂടാൻ വയ്യാത്ത അവസ്ഥയാണ്. ശാരീരികവും മാനസികവുമായ കഴിവുകൾ നശിക്കുന്ന ഈ അവസ്ഥയെ മനുഷ്യൻ ആശങ്കയോടും ഭയത്തോടുമാണ് വീക്ഷിക്കുന്നത്. ഇന്ത്യയിലെ ശരാശരി ആയുർ ദൈർഘ്യം 67-ഉം കേരളത്തിലേത് 73.8-ഉം ആണ്. രാജ്യത്താകമാനം ഏകദേശം എട്ടു കോടി മുതിർന്ന പൗരന്മാർ ഉണ്ട്. ഉദ്ദേശം 90 ശതമാനം വൃദ്ധർക്കും യാതൊരു സാമൂഹ്യ സുരക്ഷയുമില്ല. അവരിൽ 40 ശതമാനത്തിൽ അധികവും ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്

ആഹാരം, വസ്ത്രം, താമസ സൗകര്യം, ചികിത്സ എന്നിവ ലഭ്യമാക്കിയില്ലെങ്കിൽ ഇതു സംബന്ധിച്ച പരാതി മെയിന്റനൻസ് ട്രൈബ്യൂണൽ മുഖേന സമർപ്പിക്കാവുന്നതാണ് എന്ന വിവരവും ഈ നിയമം ലംഘിക്കുകയാണെങ്കിൽ ലഭിച്ചേക്കാവുന്ന ശിക്ഷയും അറിയിക്കുന്നതിന് ഇതു സംബന്ധിച്ച വിവരം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും പരസ്യം നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. വാർദ്ധക്യം രോഗങ്ങളുടെ കാലം കൂടിയാണ്. ജീവിത ദൈർഘ്യം കൂടിയതോടെ രോഗാതുരതയും വർദ്ധിച്ചു. ഈ സാഹചര്യത്തിൽ ആശുപത്രികളിൽ ജറിയാട്രിക് സേവനങ്ങൾക്കായി നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഈ സേവനങ്ങളെക്കുറിച്ച് വയോജനങ്ങളെ ബോധവാൻമാരാക്കുന്നതിന് ആശുപത്രികളിൽ മുതിർന്ന പൗരന്മാർക്ക് ലഭിക്കുന്ന സൗജന്യ ചികിത്സകൾ, ജറിയാട്രിക് സേവനങ്ങൾ, പ്രത്യേക ക്യൂ സംവിധാനം തുടങ്ങിയവ സംബന്ധിച്ച് എല്ലാ ആശുപത്രികളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. സർക്കാർ/സ്വകാര്യ ബസ്സുകളിൽ മുതിർന്ന പൗരന്മാർക്ക് 20 ശതമാനം സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പലപ്പോഴും അവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്നാരോപിച്ച് നിരവധി പരാതികൾ സമിതിക്ക് ലഭിക്കുന്നുണ്ട്. സംവരണ സീറ്റിൽ യാത്ര ചെയ്യുന്ന യാത്രക്കാർ വയോജനങ്ങൾ ആവശ്യപ്പെട്ടാലും ഒഴിഞ്ഞു കൊടുക്കില്ല എന്നതാണ് സത്യം. ബസ്സ് കണ്ടക്ടറും ഇത്തരം തർക്കങ്ങളിൽ ഇടപെടാറില്ല. ഈ രീതി മാറണം. സംവരണ സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കേണ്ടത് കണ്ടക്ടറുടെ കൂടി ഉത്തരവാദിത്തമായി മാറണം. കൂടാതെ, സംവരണ സീറ്റിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പിഴ 100 രൂപയെന്നത് നിലവിലെ സാഹചര്യത്തിൽ വളരെ കുറവാണ്. ആയതിനാൽ പിഴ തുക 100 രൂപയിൽ നിന്നും 500 രൂപയായി ഉയർത്തണമെന്നും ഇത് ബസ്സുകളിൽ എഴുതി പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. സംവരണ സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കുവാൻ മുൻകൈയെടുക്കാത്ത ബസ്സ് കണ്ടക്ടർമാർക്കെതിരെ പരാതി ലഭിക്കുകയാണെങ്കിൽ അവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. സംവരണ സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കേണ്ട ഉത്തരവാദിത്തം കണ്ടക്ടർമാരുടേതാണെന്നും ഈ സഹായം ഇവരിൽ നിന്നും ലഭിച്ചില്ലെങ്കിൽ പരാതി സമർപ്പിക്കേണ്ട രീതി എല്ലാ ബസ്സുകളിലും എഴുതി പ്രദർശിപ്പിക്കണമെന്നും പ്രസ്തുത സൗകര്യം കൂടുതൽ ഫലവത്താകുന്നതിന് കണ്ടക്ടർമാരുടെ പേരു വിവരവും സീരിയൽ

ഷോഡും വെളിപ്പെടുത്തുന്ന ബാഡ്ജ് നൽകുന്നതിനും അവ നിർബന്ധമായും ധരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. വയോജനങ്ങൾക്ക് പ്രയോജനപ്രദമായ ധാരാളം ക്രിയാത്മക പദ്ധതികൾ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ വയോജനങ്ങളിലും എത്തിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ വഴി പദ്ധതിയുടെ വിശദാംശങ്ങൾ പരസ്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. മുതിർന്ന പൗരന്മാർ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ നൽകുന്ന പരാതികൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനും അതിന് അവർക്ക് മതിയായ നിയമസഹായം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. അച്ഛനമ്മമാരിൽ നിന്നും സ്വത്തുക്കൾ എഴുതി വാങ്ങിയതിനുശേഷം അവരെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നതും, വൃദ്ധസദനങ്ങളിലാക്കുന്നതുമായ പ്രവണത വർദ്ധിച്ച വരുന്നു. സ്വത്ത് തിരികെ ലഭിക്കുന്നതിനുവേണ്ടി പരാതി നൽകുന്ന സമയത്ത് അനാവശ്യമായ കാലതാമസവും വ്യവഹാരങ്ങളിലെ സങ്കീർണ്ണതകളും നീതി നടപ്പാക്കുന്നതിന് വിഘാതമായി നിൽക്കുന്നു. പല വൃദ്ധരും ഇക്കാലയളവിനുള്ളിൽ മരണപ്പെട്ടു പോകുന്നതായും കണ്ടുവരുന്നുണ്ട്. ഇത് നീതി നിഷേധമാണ്. ആയതിനാൽ ഇത്തരം കാര്യങ്ങളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പല സ്വകാര്യ വൃദ്ധസദനങ്ങളും ചൂഷണ കേന്ദ്രങ്ങളായാണ് പ്രവർത്തിക്കുന്നത്. അന്തേവാസികളിൽ നിന്നും കനത്ത തുക ഫീസായി വാങ്ങുകയും എന്നാൽ അവർക്കായി സംതൃപ്തമായ ജീവിത സാഹചര്യം സൃഷ്ടിക്കുന്നതിനും നല്ല ഭക്ഷണം, വൈദ്യസഹായം, വിനോദോപാധികൾ എന്നിവ നൽകുന്നതിനും വിമുഖത കാണിക്കുന്നതായും നിരവധി പരാതികൾ സമിതിക്ക് ലഭിക്കുന്നുണ്ട്. ആയതിനാൽ, സ്വകാര്യ വൃദ്ധസദനങ്ങളിൽ നടക്കുന്ന ഇത്തരം ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി വൃദ്ധജനങ്ങളുടെ രജിസ്ട്രേഷൻ, നിരീക്ഷണം അവ നൽകുന്ന സേവനങ്ങളുടെ കാലാകാലങ്ങളിലുള്ള പരിശോധന, ഈടാക്കാവുന്ന ഫീസിന്റെ നിർണ്ണയത്തിലുള്ള ഏകോപനം തുടങ്ങി എല്ലാക്കാര്യങ്ങളിലും സമഗ്രമായി ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പംതന്നെ സർക്കാർ തലത്തിൽ കൂടുതൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വൃദ്ധജനങ്ങളെ പരിപാലിക്കാത്ത മക്കൾക്കും ബന്ധുക്കൾക്കുമെതിരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും, വൃദ്ധജനങ്ങളുടെ

പരാതി ലഭിച്ചാൽ അതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടത്തുന്ന അന്വേഷണം വസ്തുനിഷ്ഠവും യാഥാർത്ഥ്യബോധത്തോട്ടുകൂടിയതുമായിരിക്കണമെന്നും, പരാതി നൽകുന്ന വൃദ്ധരുടെ നിസ്സഹായാവസ്ഥയ്ക്ക് മുൻഗണന നൽകി സ്വാധീനങ്ങൾക്കോ, മുൻവിധികൾക്കോ പരിഗണന നൽകാത്തതരത്തിൽ നീതി നടപ്പാക്കുന്നതിന് സത്വര ശ്രദ്ധ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സി. കെ. നാണു,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 5.